Proceedings

of

THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

THIRD SESSION—1949/1124

SECOND MEETING.

Friday the 18th February 1949/7th Kumbhom 1124.

The Travancore Legislative Assembly met in the Legislative Chamber Public Offices, Trivandrum, at 11 of the Clock on Friday, the 18th February 1949/7th Kumbhom 1124 with the President, (the Hon'ble Mr. R. V. Thomas), in the Chair.

QUESTIONS AND ANSWERS.

കടലാസുനിർമ്മാണം.

* 333. MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

കടലാസുനിർമ്മാണം ഒരു കുടിൽവ്യവസായമെന്ന നിലയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി വ്യവസായഡിപ്പാർട്ടുമെന്റിൽനിന്നും ഇതിനകം എന്തു ചെയ്തിട്ടുണ്ട്?

HON'BLE MR. T. K. NARAYANA PILLAI : കടലാസുനിർമ്മാണത്തിൽ താല്പര്യമുള്ളവർക്ക് പരിശീലനത്തിനായി വ്യവസായ ഡിപ്പാർട്ടുമെന്റിൽനിന്നും ആധുനികരീതിയിലുള്ള ഒരു മോഡേൺ ഫാക്ടറി നടത്തിവരുന്നു.

MR. KANNARA GOPALA PANICKER (*Thiruvalla II—General*) : ഏവിടെയാണ് ആ ഫാക്ടറി നടത്തിവരുന്നതെന്ന് പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI : അതു തിരുവനന്തപുരത്താണ്.

MR. KANNARA GOPALA PANICKER : തിരുവനന്തപുരമല്ലാതെ കടലാസുവ്യവസായശാല വേറെ വല്ല സ്ഥലങ്ങളിലും ഉണ്ടോ എന്നുള്ളതറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : ഹാൻഡ്മേപ്പർ നിർമ്മിക്കുന്ന വ്യവസായശാലകൾ വേറെ ഇല്ല.

MR. K. RAMAKRISHNA PILLAI : തിരുവനന്തപുരത്തുള്ള കടലാസു വ്യവസായശാലയിൽ എത്രപേർക്ക് പരിശീലനം കൊടുത്തിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ അതുകൊണ്ട് എത്രപേർക്ക് പരിശീലനം കൊടുത്തിട്ടുണ്ടെന്നുള്ളതിനെപ്പറ്റി സൂക്ഷ്മമായി പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

MR. K. RAMAKRISHNA PILLAI : ഈ കൊല്ലത്തിൽ എത്രപേർക്കാണ് പരിശീലനം കൊടുക്കുന്നത് എന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഞാൻ ആദ്യംപറഞ്ഞ മറുപടിയിൽനിന്നും ഈ ചോദ്യത്തിനുത്തരം ഉദിക്കുന്നുണ്ട്.

MR. P. KUNJUKRISHNAN *(Quilon II-General)* : ഇതൊരു കടിൽ വ്യവസായമായിട്ട് അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളതല്ലേ ഗവണ്മെൻറിന്റെ ഉദ്ദേശം?

HON'BLE MR. T. K. NARAYANA PILLAI : ആ ഉദ്ദേശത്തോടുകൂടിയാണ് കുറേപേർക്ക് പരിശീലനം കൊടുത്തുവരുന്നത്.

MR. K. RAMAKRISHNA PILLAI : പ്രിൻറിംഗിനുവേണ്ടി ഗവണ്മെൻറിൽനിന്നും ഹാൻഡ്മെയിഡ് പേപ്പർ വാങ്ങിക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ട്.

MR. K. RAMAKRISHNA PILLAI : ഈ കടലാസുവ്യവസായത്തെപ്പറ്റി എന്തെങ്കിലും പ്രസിദ്ധീകരണം ചെയ്തിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : പ്രസിദ്ധീകരണം വേണമെന്നുണ്ടെങ്കിൽ ആലോചിച്ചു പ്രവർത്തിക്കാം.

MR. K. K. CHELLAPPAN PILLAI *(Mavelikara II—General)* : ഈ വ്യവസായശാല നടത്തുന്നത് ആരുടെ മേൽനോട്ടത്തിലാണെന്നു പറയുമോ?

HON'BLE MR. T. K. NARAYANA PILLAI : ഡാക്ടർ എച്ച്. പരമേശ്വരനാണ് ഈ വ്യവസായശാലയുടെ മേലുദ്യോഗസ്ഥൻ.

MR. K. K. CHELLAPPAN PILLAI : കടലാസുനിർമ്മാണത്തെപ്പറ്റി അഭ്യസിക്കുന്നതിനു വേണ്ടത്ര വൈദഗ്ദ്ധ്യമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അഭ്യസിക്കുന്നതിന് കടലാസുണ്ടാക്കാനുള്ള വൈദഗ്ദ്ധ്യം ഉണ്ടോ ഇല്ലയോ എന്നുള്ളതെനിക്കറിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

ക്കുടാ. എങ്കിലും ഇദ്ദേഹം ഇതിന്റെ മേധാവിയായതുകൊണ്ട് ഇവയെപ്പറ്റി മന്നം അറിഞ്ഞുകൂടാത്ത ആളാണെന്നു വിചാരിക്കാൻ ന്യായമില്ല.

MR. K. S. JOSEPH (*Thiruvalla IV—General*) : പരിശീലനം സിദ്ധിച്ചിട്ടുള്ളവർക്ക്, അതായതു് പരിശീലനം സിദ്ധിച്ചു്, വ്യവസായശാലയിൽനിന്നും പുറത്തു പോയവർക്ക് വല്ല പ്രോത്സാഹനവും നൽകിയിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതിനുവേണ്ടി നടപടി നടത്തിക്കൊണ്ടുവരികയാണു്.

MR. MANNAR GOPALAN NAIR (*Thiruvalla I—General*) : കടലാസു നിർമ്മാണം ഒരു കുടിൽവ്യവസായം എന്ന നിലയിൽ നടത്തിവരുന്നവർക്ക് വല്ല ധനസഹായവും ഗവണ്മെൻറിൽനിന്നു് ചെയ്തുകൊടുത്തിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതിനെപ്പറ്റി സൂക്ഷ്മമായി പറയാൻ ഇപ്പോഴം നിവൃത്തിയില്ല.

MR. ABDUL AZIZ (*Trivandrum I-Muslim*) : ഇന്നത്തെ പരിശീലനകേന്ദ്രം നടത്തിക്കൊണ്ടുപോകുന്നതിനു് എന്തു ചെലവു വരുമെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : അനേഷിച്ചു പറയാം.

MR. KANNARA GOPALA PANICKER : ഈ വ്യവസായം രാജ്യത്തിനു് വളരെ ഉപയോഗമുള്ള ഒരു വ്യവസായമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI: ഗവണ്മെൻറിനു ബോദ്ധ്യമുണ്ടു്.

Appointments in the Judicial Department.

* 334. MR. V. K. VARGHESE (*Pathanamthitta III—General*): Will the Honourable Minister for Judiciary be pleased to state :

(*a*) the number of vacancies occurred in the offices of (i) Munsiffs (ii) Second Judges (iii) District Judges (iv) High Court Judges, by the retirement of such officers on 1-1-1124;

(*b*) how many of these offices were filled with direct recruitment from the Bar together with the names of offices and the names of the persons appointed;

(*c*) whether any ratio is maintained for these appointments between the Bar and the Department ; and

(*d*) if there is a ratio, is it maintained ?

HON'BLE MR. A. J. JOHN :

(*a*) (i) Two
(ii) Two (one court was abolished)
(iii) Three
(iv) Two (one post was abolished)

LIBRARY ARCHIVES Kerala Legislative Assembly